ഉത്തരം

(എ) 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതു പ്രകാരം വികസന ബ്ലോക്ക്തോറും കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത് കൃഷി വകുപ്പ് മുഖേനയല്ല.

(ബി & സി) ബാധകമല്ല.

അടയ്ക്ക കർഷക സംരക്ഷണ പാക്കേജ്

116 (2749) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12-ലെ ബജറ്റിലും 2014-15-ലെ ബജറ്റിലും കാസർഗോഡ് ജില്ലയിലെ അടയ്ക്ക കർഷകരെ സംരക്ഷിക്കുന്നതിനായി പാക്കേജ് പ്രഖ്യാപിച്ചിരുന്നുവോ ; എങ്കിൽ ആയത് നടപ്പാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത പാക്കേജ് പ്രകാരം എത്ര തുക വീതം ചെലവഴിക്കപ്പെട്ടു വെന്നറിയിക്കാമോ ?

ഉത്തരം

(എ & ബി) 2011-12, 2014-15 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകരെ സഹായിക്കുന്നതിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല.

സോയിൽ ഹെൽത്ത് കാർഡ്

117 (2750) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശി ക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത കാർഡുകളിൽ എന്തെല്ലാം വിവരങ്ങളാണ് രേഖപ്പെടുത്താനു ദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കൃഷിവകുപ്പിന്റെകീഴിലുള്ള മണ്ണ പരിശോധനശാലകൾവഴി സൗജന്യമായി മണ്ണ് സാമ്പിൾ പരിശോധിച്ച് കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകി വരുന്നുണ്ട്. ഇതുമൂലം വളത്തിന്റെ അനാവശ്യമായ പ്രയോഗം ഒഴിവാക്കുവാനും, മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുവാനും ഉദ്ദേശിക്കുന്നു. മണ്ണ പര്യവേഷണ സംരക്ഷണ വകുപ്പിന്റെ "മണ്ണ പരിശോധനാ ശാലകൾ" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വളത്തിന്റെ ശാസ്ത്രീയമായ പ്രയോഗം നടത്തുന്നതിനും മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു കളിലെ മണ്ണ സാമ്പിളുകൾ ശേഖരിച്ച് അവയുടെ സൂക്ഷ്മ മൂലകങ്ങൾ അടക്കമുള്ള രാസ, ഭൗതിക പരിശോധനകൾ നടത്തി വിളകളുടെ പരിപാലന മുറകളും ശിപാർശകളും രേഖപ്പെടുത്തിയ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നു. അതുവഴി കൃഷിക്കാർക്ക് മണ്ണറിഞ്ഞ് വളം ചെയ്യുന്നതിനും ഉല്പാദനക്ഷമത കൂട്ടുന്നതിനും കൃഷിച്ചെലവ് കുറയ്ക്കുന്നതിനും സാധിക്കും.

(സി) പുരയിടത്തിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള സോയിൽ ഹെൽത്ത് കാർഡിൽ മണ്ണിന്റെ ഭൗതിക, രാസ സവിശേഷതകൾ, പോഷക മൂലകങ്ങളുടെ അളവ്, വിളകളുടെ വിവരം, പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ ശിപാർശ ചെയ്യുന്ന വളത്തിന്റെ അളവ് തുടങ്ങി കൃഷിക്കാർക്ക് ഉപയുക്തമായ എല്ലാ വിശദാംശ ങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) കൃഷിവകുപ്പിൽ, സംസ്ഥാനത്തെ എല്ലാ കൃഷിഭവനിലൂടെയും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. കർഷകർക്ക് സൗജന്യമായി സോയിൽ ഹെൽത്ത് കാർഡ് കൃഷിഭവൻമുഖേന ലഭ്യമാക്കുന്നുണ്ട്. മണ്ണപര്യവേഷണ സംരക്ഷണ വകുപ്പിൽ, തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കുടുംബശ്രീ, പാടശേഖര സമിതി, ഗ്രാമ പഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെ ഈ പദ്ധതി നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly